കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും**
**ഭവന നിർമ്മാണവും**

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-2023)

# SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS (2022-2023)

2022 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27th June 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2022-2023)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2022-2023)

523/2022.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
# (2022-2023)

**ഘടന**

ചെയർമാൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. കെ. രാജൻ,
റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
കായികം വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി. ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി. ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശക രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2022 ഏപ്രിൽ 12, 19 തീയതികളിൽ സമിതി യോഗം ചേർന്ന്, ചുവടെ ചേർത്തിട്ടുള്ള ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുന്ന ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച മൂലധന ചെലവ് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | — | ഗ്രാമവികസനം |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ അധിക വിവരങ്ങൾ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്ന് ആരായുകയും ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. വിവിധ ധനാഭ്യർത്ഥനകളിൻ മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുന്നതിനുള്ള സമിതിയുടെ ശിപാർശകൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2022 ഏപ്രിൽ 27-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.

# റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ (2021-2023) 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(i) പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ IX-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ധനാഭ്യർത്ഥനകൾ 2022 ഏപ്രിൽ 12, 19 തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ സൂക്ഷ്മപരിശോധനയുടെയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി ധനാഭ്യർത്ഥനകൾ വിശകലനം ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. സമിതി അധിക തുക ശിപാർശ ചെയ്തിരിക്കുന്നത് വോട്ട് ചെയ്ത വിഹിതത്തിലാണ്.

## ധനാഭ്യർത്ഥന XXI—ഭവനനിർമ്മാണം

വോട്ട് ചെയ്തത് : 142,97,18,000 രൂപ

ചാർജ്ജ് ചെയ്തത് : 15,01,000 രൂപ

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

02—<u>പ്രത്യേക അറ്റകുറ്റപ്പണികൾ</u>

03—<u>വൈദ്യുത സാമഗ്രികളുടെ സംരക്ഷണം</u>

വിഹിതം: 22, 15, 00, 000 രൂപ (പദ്ധതിയേതരം)

1) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പ്രത്യേക അറ്റകുറ്റപ്പണികൾ, വൈദ്യുത സാമഗ്രികളുടെ സംരക്ഷണം, കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക എന്നീ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 3.00 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സാധാരണ അറ്റകുറ്റപ്പണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 1,30, 00, 000 രൂപ (പദ്ധതിയേതരം)

2) തിരുവനന്തപുരം നഗരത്തിലെ എല്ലാ മന്ത്രി മന്ദിരങ്ങളുടെയും അറ്റകുറ്റപ്പണികൾ, വൈദ്യുതസാമഗ്രികളുടെ സംരക്ഷണം, കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

01—ശമ്പളം

വിഹിതം : 46, 01, 000 രൂപ (പദ്ധതിയേതരം)

3) ഹൗസിംഗ് കമ്മീഷണറുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 23.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

വിഹിതം : 53,000 രൂപ (പദ്ധതിയേതരം)

4) ഹൗസിംഗ് കമ്മിഷണറുടെ ഓഫീസ് അസിസ്റ്റന്റിന് വേതനം നൽകുന്നതിനും വൈദ്യുതി ചെലവിനത്തിലേയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.61 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

5) ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കെട്ടിടത്തിനുള്ള മാസ വാടകയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

6) ANERT മുഖേന വാടകയ്ക്ക് എടുക്കുന്ന ഔദ്യോഗിക വാഹനത്തിനുള്ള ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.95 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26—ഔദ്യോഗിക ഭാഷാ പ്രയോഗം

വിഹിതം : 3,000 രൂപ (പദ്ധതിയേതരം)

7) ഔദ്യോഗിക ഭാഷാ പ്രചാരണാർത്ഥം കൂടുതൽ കാര്യപരിപാടികൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 27,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-93—ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

വിഹിതം : 50,00,000 രൂപ (പദ്ധതി)

8) ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതി നിർവ്വഹണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-92—കേരളത്തിൽ ഭവനപദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കൽ

വിഹിതം : 5,00,000 രൂപ (പദ്ധതി)

9) കേരളത്തിൽ ചെലവ് കുറഞ്ഞ ഭവന പദ്ധതികൾക്കായി മാതൃക രൂപീകരിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

10) ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, ഫിനിഷിംഗ് സ്കൂൾ, സ്കൂൾ ഓഫ് ഡിസൈൻ & സ്കൂൾ ഓഫ് മാനേജ്മെന്റ്, അവയർനെസ് & പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)—സഹായധനം

(36)—സഹായധനം, ശമ്പളേതരം

വിഹിതം : 85,65,000 രൂപ (പദ്ധതിയേതരം)

11) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

12) വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവന നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(09)—മൈത്രി ഭവന പദ്ധതി

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

13) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്കുള്ള ഭവന വായ്പാ പദ്ധതി, സൗഹൃദം പാർപ്പിട പദ്ധതി, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിലെ ഭവന പദ്ധതിക്കുള്ള ഹയർ പർച്ചേസ് വായ്പാ പദ്ധതി, സൗഹൃദം പാർപ്പിട പദ്ധതി-സ്വന്തം സ്ഥലത്ത് ഭവന

നിർമ്മാണത്തിനുള്ള വായ്പാ പദ്ധതി എന്നീ തനതു പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി മൈത്രീ ഭവന വായ്പാ പദ്ധതി റൈറ്റോഫ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 243 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(38)—ട്രെയിനിംഗ് പ്ലാൻ

വിഹിതം—3,62,00,000 രൂപ (പദ്ധതി)

14) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ട്രെയിനിംഗ് പ്ലാൻ ആന്റ് ഓട്ടോമേഷൻ പദ്ധതിയോടും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനോടും അനുബന്ധിച്ച ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6.13 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

(03)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

16—വൻകിട മരാമത്തു പണികൾ

വിഹിതം : 1,54,45,000 രൂപ (പദ്ധതി)

15) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ വൻകിട മരാമത്തു പണികളിലെ കരാറുകാർക്ക് കൊടുത്തു തീർക്കുന്നതിനുള്ള കുടിശ്ശിക തുകയുൾപ്പെടെയുള്ള ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-94—സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

16) സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിലുള്ള ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ചെലവുകൾ നേരിടുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-700-85—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

(01)—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

വിഹിതം : ഇല്ല.

17) കരാർ ജീവനക്കാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവിനായി പദ്ധതിയിനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-98—ഉദ്യോഗസ്ഥരുടെ പാർപ്പിടം

(60 ശതമാനം കേന്ദ്രവിഹിതം)

വിഹിതം : 5,63,00,000 രൂപ (പദ്ധതി)

18) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച കോട്ടയം ഗാന്ധിനഗർ, റാന്നി പഴവങ്ങാടി എന്നിവിടങ്ങളിൽ വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11.26 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-97—ആശ്വാസ് വാടക ഭവന പദ്ധതി

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

19) 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം ചെലവായ തുക അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത ചെലവ് നേരിടുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-94—കോഴിക്കോട് സ്ഥിതി ചെയ്യുന്ന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ്

20) 4216-80-201—എന്ന ശീർഷകത്തിൽ 94 എന്ന ഉപശീർഷകം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് കോഴിക്കോട് സ്ഥിതി ചെയ്യുന്ന

ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 4.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXII- നഗരവികസനം

വോട്ടുചെയ്തത് : 1904,77,50,000 രൂപ.

ചാർജ്ജ് ചെയ്തത് : 1,000 രൂപ.

2217-05-051-98—പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

21) പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിടനിർമ്മാണം പദ്ധതി പ്രകാരം ഒരു നഗരസഭയ്ക്ക് 3 കോടി രൂപാ നിരക്കിൽ 5 നഗരസഭകൾക്ക് ആകെ 15 കോടി രൂപ ആവശ്യമായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99—ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്

05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വിഹിതം : 2,98,000 രൂപ (പദ്ധതിയേതരം)

22) നഗരകാര്യ ഡയറക്ടറേറ്റിലെ വൈദ്യുതി ചെലവിൽ വർദ്ധനയുണ്ടാകുന്നതിനാലും കൊല്ലം, കോഴിക്കോട് മേഖലാ കാര്യാലയങ്ങളിലെ വൈദ്യുതി ചാർജ്ജ് ഏകീകൃത സംവിധാനം വഴി മേൽ ശീർഷകത്തിൽ നിന്നും ഒടുക്കുന്നതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99—ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്

45—പി.ഒ.എൽ

വിഹിതം : 1, 58,000 രൂപ (പദ്ധതിയേതരം)

23) നഗരകാര്യ ഡയറക്ടറേറ്റിലെ ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 40,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-98—റീജിയണൽ ആഫീസുകൾ

97—വാഹനങ്ങളുടെ വാടക

വിഹിതം:—1,000 രൂപ (പദ്ധതിയേതരം)

24) നഗരകാര്യ വകുപ്പിന്റെ കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലാ ഓഫീസുകളിലെ വാഹനങ്ങളുടെ വാടക ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-95—കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ

വിഹിതം : 9,00,000 രൂപ (പദ്ധതി)

25) നഗരകാര്യ വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-92—നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും

വിഹിതം : 20,00,000 രൂപ (പദ്ധതി)

26) നഗരകാര്യ വകുപ്പിലെയും നഗരസഭ ഓഫീസുകളിലെയും ജീവനക്കാരുടെ സേവന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിനായി നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91—മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന

വിഹിതം : 50,00,00,000 (പദ്ധതിയേതരം)

27) നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പു തുക പര്യാപ്തമല്ലാത്തതിനാൽ നഗരസഭകൾക്ക് അലോട്ട്മെന്റ് നൽകുവാൻ കഴിയുന്നില്ല. ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 650.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-76—അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

വിഹിതം : 125,00,00,000 രൂപ (പദ്ധതി)

28) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ വേതനം നൽകുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-62—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള സഹായധനം.

വിഹിതം : 66,75,00,000 രൂപ (പദ്ധതി)

29) ലൈഫ്-പി.എം.എ.വൈ. (അർബൻ) ഗുണഭോക്താക്കൾക്ക് 2022-23 സാമ്പത്തിക വർഷം ഹഡ്കോ ലഭ്യമാക്കിയ ലോണിന് നൽകേണ്ട പലിശയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 6.79 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4217-60-051-95—സമ്പൂർണ്ണ ഭവന പദ്ധതി - നഗരം (ലൈഫ് - പാർപ്പിട മിഷൻ)

വിഹിതം—192,00,00,000 രൂപ (പദ്ധതി)

30) ലൈഫ് പാർപ്പിട മിഷൻ പദ്ധതിയുടെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ഭവന സമുച്ചയങ്ങൾക്കും നിർമ്മാണം ആരംഭിക്കുന്ന 9 ഭവന സമുച്ചയങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 11.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4217-60-051-94—വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ)

വിഹിതം—1000 രൂപ (പദ്ധതിയേതരം)

31) വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർഥന—XXV

**പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

വോട്ട് ചെയ്തത് : 33,33,52,85,000 രൂപ

ചാർജ്ജ് ചെയ്തത് : 2,000 രൂപ

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

32) ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം-ശമ്പളം

വിഹിതം : 1,60,59,000 രൂപ (പദ്ധതിയേതരം)

33) ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ., ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1950 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം-ശമ്പളേതരം

വിഹിതം :27,66,000 രൂപ (പദ്ധതിയേതരം)

34) ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ് (പെൻഡിംഗ് ഉൾപ്പെടെ) ഓഫീസ്

കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള ചെലവ് വഹിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 61.84 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന—XXVIII

**പലവക സാമ്പത്തിക സർവ്വീസുകൾ**

വോട്ട് ചെയ്തത് : 4777,93,05,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3454-02-111-95—ജനന മരണ സ്ഥിതി വിവരക്കണക്കുകൾ രജിസ്റ്ററാക്കൽ

01-1—ശമ്പളം

വിഹിതം : 1,22,50,000 രൂപ (പദ്ധതിയേതരം)

35) പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 27.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—ക്ഷാമബത്ത

വിഹിതം : 13,50,000 രൂപ (പദ്ധതിയേതരം)

36) പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—വീട്ടുവാടക അലവൻസ്

വിഹിതം : 10,41,000 രൂപ (പദ്ധതിയേതരം)

37) പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-111-94—ജനന മരണ വിവാഹ രജിസ്ട്രേഷൻ

01-1—ശമ്പളം

വിഹിതം : 17,25,000 രൂപ (പദ്ധതിയേതരം)

38) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—ക്ഷാമബത്ത

വിഹിതം : 2,07,000 രൂപ (പദ്ധതിയേതരം)

39) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.93 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—വീട്ടുവാടക അലവൻസ്

വിഹിതം : 1,64,000 രൂപ (പദ്ധതിയേതരം)

40) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാരുടെ വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 61,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

വോട്ട് ചെയ്തത് : 12,35,47,98,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2515-00-001-99—മേൽനോട്ടം

01-1—ശമ്പളം

വിഹിതം : 7,52,51,000 രൂപ (പദ്ധതിയേതരം)

41) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും കുടിശ്ശികയും നല്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.4749 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—ക്ഷാമബത്ത

വിഹിതം : 90,30,000 രൂപ (പദ്ധതിയേതരം)

42) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 70.22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—വീട്ടുവാടക അലവൻസ്

വിഹിതം : 74,51,000 രൂപ (പദ്ധതിയേതരം)

43) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേതനം

വിഹിതം : 4,20,000 രൂപ (പദ്ധതിയേതരം)

44) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്

വിഹിതം : 2,25,000 രൂപ (പദ്ധതിയേതരം)

45) പഞ്ചായത്ത് ഡയറക്ടറുടെ ആഫീസിലെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള ചെലവ് വഹിക്കുന്നതിനു നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ, മേൽ ശീർഷകത്തിൽ 7.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—<u>മറ്റിനങ്ങൾ</u>

വിഹിതം : 5,32,000 രൂപ (പദ്ധതിയേതരം)

46) പഞ്ചായത്ത് ഡയറക്ടറുടെ ആഫീസ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിനോടനുബന്ധിച്ചുള്ള വിവിധ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ <u>മേൽ ശീർഷകത്തിൽ 4.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21-2—<u>മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 2,36,000 രൂപ (പദ്ധതിയേതരം)

47) മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 2.64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

45—<u>പി.ഒ.എൽ</u>

വിഹിതം : 3,85,000 രൂപ (പദ്ധതിയേതരം)

48) വാഹനങ്ങളുടെ ഇന്ധന ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 3.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-001-97—<u>ജില്ലാഭരണം</u>

01-1—<u>ശമ്പളം</u>

വിഹിതം : 56,90,17,000 രൂപ (പദ്ധതിയേതരം)

49) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 3.0983 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 6,82,82,000 രൂപ (പദ്ധതിയേതരം)

50) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.0718 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-5—മറ്റു അലവൻസുകൾ

വിഹിതം : 35,57,000 രൂപ (പദ്ധതിയേതരം)

51) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് മറ്റു അലവൻസുകൾ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 9.43 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02-1—വേതനം-ശമ്പളം

വിഹിതം : 24,91,000 രൂപ (പദ്ധതിയേതരം)

52) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.09 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം: 7,09,000 രൂപ (പദ്ധതിയേതരം)

53) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വൈദ്യുതി ചെലവ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—മറ്റിനങ്ങൾ

വിഹിതം: 20,50,000 രൂപ (പദ്ധതിയേതരം)

54) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ മറ്റിനങ്ങൾക്കുള്ള ചിലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—<u>വാടക, കരം, നികുതി</u>

വിഹിതം: 2,85,000 രൂപ (പദ്ധതിയേതരം)

55) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിനു കീഴിലുള്ള കണ്ണൂർ ജില്ലാ ആഫീസിന്റെ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും മറ്റ് ഓഫീസുകളിലെ അതത് വർഷത്തെ വാടക, കരം, നികുതി എന്നിവയ്ക്കുള്ള ചെലവിനുമായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

45—<u>പി.ഒ.എൽ.</u>

വിഹിതം: 9,45,000 രൂപ (പദ്ധതിയേതരം)

56) വർദ്ധിപ്പിച്ച ഇന്ധന വിലയ്ക്ക് അനുസൃതമായി 10 ജില്ലകളിലെ ഓഫീസ് വാഹനങ്ങൾക്ക് ആവശ്യമായ ഇന്ധന ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 3.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-001-92—<u>(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം- നടത്തിപ്പ്)</u>

വിഹിതം: 292,76,01,000 രൂപ (പദ്ധതിയേതരം)

57) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (നടത്തിപ്പ്) വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ 24.36 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-001-91—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽനോട്ടം</u>

വിഹിതം : 15,05,38,000 രൂപ (പദ്ധതിയേതരം)

58) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ ശമ്പളം, മെഡിക്കൽ റീംബേഴ്സ്മെന്റ്, ക്ഷാമബത്ത, കൺസോളിഡേറ്റഡ് പേ, സ്ഥലംമാറ്റ ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി

ചാർജ്ജ്, എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.4922 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-90—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം (യഥാർത്ഥത്തിൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെട്ടിരുന്ന തസ്തികകൾക്കുള്ള ചെലവ് )

വിഹിതം : 64,45,48,000 രൂപ (പദ്ധതിയേതരം)

59) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 12.16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-86—(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ)

വിഹിതം : 2,25,00,000 രൂപ (പദ്ധതി)

60) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണവുമായി ബന്ധപ്പെട്ടുള്ള വകുപ്പിന്റെ ഓഫീസ് ഷിഫ്റ്റിംഗ്, ഓഫീസ് ക്രമീകരണം, ഇന്റേണൽ ട്രെയിനികളുടെ നിയമനവുമായി ബന്ധപ്പെട്ട വേതനം, റീജണൽ ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, എഞ്ചിനീയർമാർക്ക് ടാബ്, ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കൂടാതെ ഇ-ഓഫീസിന്റെ ഭാഗമായി സ്കാനറുകൾ വാങ്ങുന്നതിനും ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് പ്രവർത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6.8655 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-85—ഇൻഫർമേഷൻ കേരള മിഷൻ-വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ

99—വിവരസാങ്കേതികവിദ്യ

വിഹിതം: 8,00,00,000 രൂപ (പദ്ധതി)

61) ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസ് നവീകരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമഗ്ര ഓൺലൈൻ സേവന വിതരണ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ നടത്തിപ്പിനുമായും ബഡ്ജറ്റിൽ വകയിരുത്തിയ രൂപ പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-98—പഞ്ചായത്ത്‌രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

07—പ്രസിദ്ധീകരണങ്ങൾ

വിഹിതം: 2,86,000 രൂപ (പദ്ധതിയേതരം)

62) പഞ്ചായത്ത് രാജ് മാസികയുടെ വരിസംഖ്യയും മറ്റിനങ്ങളും ചേർത്ത് ആകെ ലഭിക്കുന്ന വാർഷിക വരുമാനത്തേക്കാൾ ചെലവ് കൂടുതലായതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാലും മേൽ ശീർഷകത്തിൽ 1.1242 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-56

56—രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ(60% സി.എസ്.എസ്)

01—രാഷ്ട്രീയഗ്രാമസ്വരാജ് അഭിയാൻ (60% സി.എസ്. എസ്-കേന്ദ്രവിഹിതം

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

02—രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (40% എസ്.എസ്.-സംസ്ഥാന വിഹിതം)

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

63) രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയിൻ കീഴിലെ സാങ്കേതിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 7.39 കോടി രൂപയും സംസ്ഥാന വിഹിതമായി 4.9267 കോടി രൂപയും ഉൾപ്പെടെ ആകെ 12.3167 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-94—റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം-സഹായ ധനം

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

64) വക്കം, കറുകുറ്റി, മുതുതല, കുറ്റിപ്പുറം, തലക്കാട്, അഴിയൂർ, ഒഞ്ചിയം, മാടായി, എന്നീ പഞ്ചായത്തുകളിലെ റെയിൽവെ ലെവൽ ക്രോസ് അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.2080094 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-74—പ്രധാനമന്ത്രി ഗ്രാമസഡക്ക് യോജന

(01)—കേന്ദ്രവിഹിതം

വിഹിതം 150,00,00,000 രൂപ (പദ്ധതി)

(02)—സംസ്ഥാന വിഹിതം

വിഹിതം:-100,00,00,000 രൂപ (പദ്ധതി)

65) പ്രധാനമന്ത്രി ഗ്രാമസഡക്ക് യോജന പ്രകാരം റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 150 കോടി രൂപയും സംസ്ഥാന വിഹിതമായി 100 കോടി രൂപയും ഉൾപ്പെടെ ആകെ 250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98—പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം

(03)—അധിക സംസ്ഥാന വിഹിതം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

66) പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 65.95 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-97—പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ

വിഹിതം : ഇല്ല.

67) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം സർക്കാർ നിർത്തലാക്കിയിരുന്നെങ്കിലും ടി വർഷത്തിലും അതിനു മുമ്പും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഒടുക്കേണ്ടതുണ്ട്. മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഒരു കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-96—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി

വിഹിതം : 300,00,00,000 രൂപ (പദ്ധതിയേതരം)

68) നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകൾ ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-92—വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട പ്രവൃത്തികൾ)

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

69) 2022-23 സാമ്പത്തിക വർഷത്തിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന—XXXVI ഗ്രാമവികസനം

വോട്ട് ചെയ്തത്: 5768,41,36,000 രൂപ

ചാർജ്ജ് ചെയ്തത്: 10,000 രൂപ

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(11)—പ്രധാനമന്ത്രി ആവാസ് യോജന ( പി. എം. എ. വൈ. ഗ്രാമീണ) (60% സി.എസ്.എസ്) കേന്ദ്രവിഹിതം.

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

(12)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ) (40% എസ്. എസ്) സംസ്ഥാന വിഹിതം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

2501-06-789-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)

(01)—(പി.എം.എ.വൈ ഗ്രാമീൺ) പട്ടികജാതി ഉപപദ്ധതി (60% സി.എസ്.എസ്) കേന്ദ്രവിഹിതം

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

(02)—പി. എം.എ.വൈ (ഗ്രാമീൺ) പട്ടികജാതി ഉപപദ്ധതി (60% സി.എസ്. എസ്) സംസ്ഥാന വിഹിതം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

2501-06-796-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)

(01)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) പട്ടികവർഗ്ഗ ഉപപദ്ധതി (60% സി.എസ്. എസ്) കേന്ദ്രവിഹിതം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) പട്ടികവർഗ്ഗ ഉപപദ്ധതി (60% സി.എസ്. എസ്) സംസ്ഥാനവിഹിതം

വിഹിതം : 2,00,00,000 രൂപ (പദ്ധതി).

70) 2021-22 സാമ്പത്തിക വർഷം പി.എം.എ.വൈ. പദ്ധതിയിൽ അനുവദിച്ച 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 71.9391768 കോടി രൂപയും സംസ്ഥാനവിഹിതമായി 47.9594512 കോടി രൂപയും ഉൾപ്പെടെ 119.8986280 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്)

(01)—കേന്ദ്രവിഹിതം : 3139,64,00,000 രൂപ (പദ്ധതി)

02—സംസ്ഥാന വിഹിതം : 75,00,000 രൂപ(പദ്ധതി)

71) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം 2022-23 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 8.452 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-92—എം.ജി.എൻ.ആർ.ഇ.ജി.പി.ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

വിഹിതം: ഇല്ല

72) തൊഴിലില്ലായ്മ വേതനം കൃത്യസമയത്ത് നൽകുന്നതിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ഇനത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-91—എം.ജി.എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം.

വിഹിതം: ഇല്ല

73) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരത്തിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ഇനത്തിൽ ഒരു ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-42—സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം

വിഹിതം : ഇല്ല.

74) "സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ ക്രമീകരണം" എന്ന പദ്ധതിക്കായി മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതി ഇനത്തിൽ 5.27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-35—നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) (60% സി.എസ്.എസ്.)

(01)—ദേശീയ റർബൻ മിഷൻ (60% സി.എസ്.എസ്.)

കേന്ദ്രവിഹിതം : 22,50,00,000 രൂപ (പദ്ധതി)

(02)—<u>ദേശീയ റർബൻ മിഷൻ (40% എസ്.എസ്)</u>

സംസ്ഥാനവിഹിതം : 15,00,00,000 രൂപ (പദ്ധതി)

75) നാഷണൽ റർബൻ മിഷൻ സ്കീം പദ്ധതി കാലാവധി 2023 മാർച്ച് മാസത്തിൽ അവസാനിക്കുന്നതിനാൽ മുഴുവൻ ക്ലസ്റ്ററുകളുടേയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 94.5 കോടി രൂപയും സംസ്ഥാന വിഹിതമായി 63 കോടി രൂപയും ഉൾപ്പെടെ 157.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-102-33—<u>ഹരിത കേരള മിഷൻ (ഗ്രാമം)</u>

വിഹിതം :7,50,00,000 രൂപ (പദ്ധതി)

76) ഹരിതകേരളം മിഷൻ ഉൾപ്പെടെ എല്ലാ ഉപമിഷനുകളിലും ഉൾപ്പെട്ട 88 ഉദ്യോഗസ്ഥരുടെ ശമ്പളം, കെട്ടിട വാടക ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ, 4 മിഷനുമായി ബന്ധപ്പെട്ട പ്രവർത്തന പരിപാടികൾക്കുള്ള ഐ.ഇ.സി തുക, കേരളത്തിലെ എല്ലാ വികസന ബ്ലോക്കുകളും ലക്ഷ്യമാക്കി നവകേരളം പദ്ധതി നടപ്പിലാക്കുന്നതിന് റിസോഴ്സ് പേഴ്സൺ (ആർ.പി.)മാരുടെ സേവനം ഉറപ്പാക്കുക, നാല് മിഷനുകളുമായി ബന്ധപ്പെട്ട മാതൃകാ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-102-30—<u>ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം</u>

വിഹിതം: 207,07,00,000 രൂപ (പദ്ധതി)

77) ഹഡ്കോയുടെ വായ്പാ ഇനത്തിലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ 16.97 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-102-29—<u>കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ</u>

വിഹിതം : 260,00,00,000 രൂപ (പദ്ധതി)

78) കുടുംബശ്രീയുടെ തനത് പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 123 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-197-36—പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിടനിർമ്മാണം.

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

79) പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിടനിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം-(ലൈഫ്-പാർപ്പിട മിഷൻ)

വിഹിതം : 525,00,00,000 രൂപ (പദ്ധതി)

80) ലൈഫ് പാർപ്പിട പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 254.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം.

(01)—പ്രവർത്തികൾ

വിഹിതം : ഇല്ല

81) തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റും അഞ്ചു വകുപ്പുകളും നന്തൻകോടുള്ള സ്വരാജ് ഭവൻ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും ഓഫീസുകളുടെ പുനഃക്രമീകരണത്തിനുമായി മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ പദ്ധതി ഇനത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-103-97—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്)

(01)—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75% സി.എസ്.എസ്) കേന്ദ്ര വിഹിതം

വിഹിതം : 688,05,00,000 രൂപ (പദ്ധതി)

(02)—<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75% സി.എസ്.എസ്) സംസ്ഥാന വിഹിതം</u>

വിഹിതം : 229,35,00,000 രൂപ (പദ്ധതി)

82) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധന ഘടക ചെലവ് ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ <u>മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 183.38 കോടി രൂപയും സംസ്ഥാന വിഹിതമായി 61.12 കോടി രൂപയും ഉൾപ്പെടെ ആകെ 244.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.

523/2022.